KERALA CATHOLIC BISHOPS' COUNCIL'S

COMMISSION FOR SOCIAL HARMONY AND VIGILANCE



# JAGRATHA NEWS

223rd Issue, Volume No.6 2nd May 2012

## ജാഗ്രത

### പ്രധാന വാർത്തകൾ


അഴിമതി നിർമ്മാർജ്ജിത സമൂഹം
റവ.ഡോ. സ്റ്റീഫൻ ആലത്തറ.
ലഹരിക്കായി മരുന്നുകളുടെ ദുരുപയോഗം.
പത്തുവർഷത്തിനിടെ ജനനനിരക്ക് 19% കുറഞ്ഞു.
വർധിക്കുന്ന വിവാഹമോചനക്കേസുകൾ
വിശന്നുവലയുന്ന കുട്ടികൾ വളർച്ചാനിരക്കിനെ പരിഹസിക്കുന്നു.
കേരളത്തിൽ ആൾത്താമസമില്ലാത്ത 11.8 ലക്ഷം വീടുകൾ.
സർക്കാർ മാനസികാരോഗ്യകേന്ദ്രങ്ങളിൽ 180 അന്യസംസ്ഥാന യുവതികൾ.
2030 ഓടെ മറവിരോഗകൾ 657 ലക്ഷമാകും.
നിരത്തിലെ കൂട്ടക്കുരുതികൾ.
കേരളത്തിൽ 90 ശതമാനത്തോളം പേർ ടെലിഫോൺ ഉപയോക്താക്കൾ.
എറണാകുളം ജില്ല മുസ്ലീം ത്രീവ്രവാദസംഘടനകൾ താവളമാക്കുന്നു.
കേരളത്തിലെ ക്യാൻസർ വ്യാപനത്തിനു പ്രധാന കാരണം പുകയില.
പ്രസിദ്ധീകരണങ്ങൾക്കും പ്രചാരം കുറഞ്ഞു.
മലയാളിക്ക് തോക്കിനോട് പ്രിയമേറുന്നു.
രാജ്യത്ത് മുതിർന്ന സ്ത്രീകളുടെ എണ്ണം വർധിച്ചുവരുന്നതായി റിപ്പോർട്ട്.
ഫാസ്റ്റ്ഫുഡിൽ ദോഷകരമായ കൊഴുപ്പെന്ന് പഠനറിപ്പോർട്ട്.
കുട്ടികളും വില്പനയ്ക്ക്.
മാർ ആലഞ്ചേരിക്ക് പുതിയ പദവി.
ആരോഗ്യത്തിനുത്തമം കുടുംബസമേതമുള്ള ഭക്ഷണം.
കുട്ടികണക്കിതാ, ഞെട്ടരുതേ...
ഈസ്റ്ററിന്റെ ചൈതന്യം ജീവിക്കുക.
റവ.ഫാ.ജോസ് കോട്ടയിൽ



Chairman

Bp. Mar Thomas Chakiath

Vice Chairmen

Bp. Joshua Mar Ignathios

Bp. Dr. Vincent Samuel

Secretary

Fr. Josey Ponnambel MSFS

Pastoral Orientation Centre, Palarivattom, Kochi -25, Ph: 0484- 2806262, kcbcshvj@gmail.com

kcbcshvjjj@gmail.com

# അഴിമതി നിർമ്മാർജ്ജിത സമൂഹം

## കെസിബിസി നൂതന പഠനരേഖ

(കഴിഞ്ഞലക്കം തുടർച്ച.............)

**എന്തുകൊണ്ട് അഴിമതി?**

9. അഴിമതി ഇങ്ങനെ വ്യാപകമായതിന് നിരവധി കാരണങ്ങൾ പൊതുവേ കാണിക്കാറുണ്ട്. രാഷ്ട്രീയ മേഖലയിലെ അപചയങ്ങൾ, തിരഞ്ഞെടുപ്പുകളിൽ ദൃശ്യമാകുന്ന പണച്ചെലവുകൾ, രാഷ്ട്രീയ പാർട്ടികൾ സ്വയം വിമർശനത്തിനും വിലയിരുത്തലിനും തയ്യാറാകാത്തത്, ഉൾപാർട്ടി ജനാധിപത്യത്തിന്റെ അഭാവം, ഏക കേന്ദ്രീകൃതമാകുന്ന അധികാരം, ബ്യൂറോക്രസിയുടെ ആപത്കാരിയായ വളർച്ച എന്നിങ്ങനെ അഴിമതി പെരുകാൻ പല കാരണങ്ങളുമുണ്ട്. ചരിത്രപരവും സാമൂഹികവുമായ ഇവയ്ക്കെല്ലാം പുറമേ, വേറേ ചിലതുകൂടി അഴിമതി വ്യാപനത്തിനു കാരണമായി ചൂണ്ടിക്കാട്ടാം.

10. ഭൗതികാസക്തിയുടെ കടിഞ്ഞാണില്ലാത്ത വളർച്ച ഈശ്വരവിശ്വാസത്തിനും സദാചാരബോധത്തിനും ഇന്നു കാര്യമായ ക്ഷതമേല്പിക്കുന്നുണ്ട്. ഉത്തമ മനുഷ്യനാകുക എന്നതിലേറെ സമ്പത്തുണ്ടാക്കുക എന്ന
തിലാണ് ഇന്ന് മിക്കവരുടെയും ശ്രമം. ധനം, സമ്പാദിക്കുന്നതിനും അധികാരം ഉറപ്പുവരുത്തുന്നതിനും വേണ്ടി എന്ത് അധർമ്മവും പ്രവർത്തിക്കാൻ മനുഷ്യൻ തയ്യാറാകുന്നു. ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം; ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചു പോകാനും ഒട്ടേറെ വ്യഥകളിൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും തുടങ്ങിയിട്ടുണ്ട് (1 തിമോ 6:10) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഇവിടെ പ്രസക്തങ്ങളാണ്. "ദൈവത്തെ സ്നേഹിക്കുന്നവന് പണത്തെ മുറുകെ പിടിക്കാൻ സാധ്യമല്ല" *(Spe Salvi, 28).*

11. താൻ തനിക്കുവേണ്ടി മാത്രമാണെന്ന സ്വാർത്ഥചിന്തയും തനിക്കു മറ്റാരുടെയും ദൈവത്തിന്റെ പോലും ആവശ്യമില്ലെന്ന അഹന്തയുടെ മനോഭാവവും ആധുനിക മനുഷ്യന്റെ മുഖമുദ്രയായിത്തീർന്നിരിക്കുന്നു. ദൈവത്തെയും സഹോദരനെയും നിഷേധിക്കുന്നിടത്തു ചൂഷണവും അഴിമതിയും അനായാസം വളരും. ദൈവസ്നേഹത്തിൽ അടിയുറച്ച സഹോദരസ്നേഹം നമ്മുടെ ഓരോരുത്തരുടെയും പ്രഥമ ഉത്തരവാദിത്വമാണ് *(cf. Deus Caritas Est, 20)* ഇതു നമുക്കു മറക്കാതിരിക്കാം.

12. സദാചാരമൂല്യങ്ങൾക്കു സ്ഥായിയായ സ്വഭാവമില്ലെന്ന ചിന്താഗതി അഴിമതിയും ചൂഷണവും ശക്തിപ്പെടുന്നതിന് വേറൊരു കാരണമാണ്. 'നാടോടുമ്പോൾ നടുവേ ഓടണം' എന്ന ചിന്ത ധാർമ്മിക കാര്യങ്ങളിലും ശരിയാണെന്നുവന്നാൽ, ഭൂരിപക്ഷം അഴിമതിക്കാരാകുന്ന സമൂഹത്തിൽ, അഴിമതിക്ക് അത് ന്യായീകരണമാകും. ഇതല്ലേ ഇന്നു കേരളത്തിൽ സംഭവിച്ചിരിക്കുന്നതെന്നു സംശയിക്കണം.

13. ധർമ്മസംസ്ഥാപനത്തിന്റെ കാര്യത്തിൽ മതങ്ങൾ അവയുടെ ദൗത്യം വേണ്ടവിധം നിർവഹിക്കാത്തതാകാം സാർവത്രികമായ ധർമ്മക്ഷയത്തിന്റെ വേറൊരു കാരണം. മതം ഇന്നു പലർക്കും അർത്ഥശൂന്യമായ അനുഷ്ഠാനസമുച്ചയമായി തരംതാണിട്ടുണ്ട്. മിക്കപ്പോഴും വ്യക്തിയുടെ സ്വകാര്യജീവിതത്തിനു പുറത്ത് മതത്തിന് പ്രസക്തിയില്ലാതെ വരുമ്പോൾ സാമൂഹികപ്രതിഞ്ജാബദ്ധതയും നീതിനിഷ്ഠയും പരിപോഷിപ്പിക്കാൻ അതിനു കഴിയാതെ പോകുന്നു.

14. വ്യക്തികളിലുണ്ടാകുന്ന മൂല്യച്യുതിയാണ് അഴിമതിക്ക് കാരണം. ധാർമ്മികതയുടെയും മൂല്യങ്ങളുടെയും തകർച്ച വിശ്വാസികളുടെ ജീവിതത്തിലേക്ക് കടന്നുവരുകയും സാവധാനം സഭാപ്രവർത്തനത്തിലേക്ക് പോലും വ്യാപിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്നുള്ളത്. "ദൈവത്തെ കൂടാതിരുന്നാൽ മനുഷ്യന് ഏത് വഴിയെ പോകണമെന്നറിയുകയില്ല. താൻ ആരാണെന്ന് അവന് മനസ്സിലാകുക പോലുമില്ല" *(Caritas in Veritate, 78).*

15. ക്രൈസ്തവസമൂഹത്തിന്റെ പ്രവാചകധർമ്മം ഗൗരവമായി നിർവഹിക്കപ്പെടാത്തതും അഴിമതി വളരുന്നതിനു കാരണമാകാം. ജീവിതസാക്ഷ്യവും അഴിമതിക്കെതിരെയുള്ള ചെറുത്തുനില്പുമാണ് പ്രവാചകധർമ്മം ആവശ്യപ്പെടുന്നത്. അതിന് വേണ്ടത്ര ശക്തിപകരാൻ നമ്മുടെ വചനപ്രഘോഷണം, ആരാധനാനുഷ്ഠാനങ്ങൾ, വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് കഴിയാതെ പോകുന്നു. പ്രവാചകധർമ്മം നീതിയോടെ നിർവഹിക്കാൻ ദൈവവചനകേന്ദ്രീകൃത ജീവിതം നയിക്കാൻ സാധിക്കണം. "ദൈവവചനത്തിൽ എല്ലാത്തിന്റെയും അടിസ്ഥാനം കണ്ടെത്തുന്നവനാണ് യാഥാർത്ഥ്യബോധമുള്ളവൻ"*(Verbum Domini, 10).*

**ധർമ്മസംസ്ഥാപനം: എല്ലാവരുടെയും സ്വപ്നം**

16. എപ്പോഴും എവിടെയും പാലിക്കേണ്ട കല്പനകൾ നല്കിക്കൊണ്ട് ദൈവം മനുഷ്യനോടു പറഞ്ഞു: "ജീവനും മരണവും ഞാൻ നിന്റെ മുമ്പിൽ വച്ചിരിക്കുന്നു എന്നതിന് ആകാശത്തെയും ഭൂമിയെയും ഞാനിന്ന് നിനക്കെതിരായി സാക്ഷിയാക്കുന്നു. നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക" (നിയമാ 30:19). ജീവൻ അഥവാ നന്മ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉപയോഗിച്ചു നീതി-ധർമ്മങ്ങളിലധിഷ്ഠിതമായൊരു സമൂഹത്തിനു നാം രൂപം കൊടുക്കണമെന്ന താത്പര്യം വിശുദ്ധ ഗ്രന്ഥത്തിലുടനീളം കാണാം. അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കുന്നതുപോലും നിഷിദ്ധമായിട്ടാണ് അതിൽ ചിത്രീകരിച്ചിരിക്കുന്നത് *(cf. YOUCAT 465).*


17. മൗലികപ്രാധാന്യമുള്ള ഈ ദൈവികതാത്പര്യത്തെ അവഗണിക്കുന്നവർക്കെതിരേ വിശുദ്ധ ഗ്രന്ഥകാരന്മാർ നടത്തുന്ന വിമർശനം (പുറ 23:8; നിയമാ 16:19; 27: 25; മിക്ക 3:9-12; ആമോ 5:7-15) ഇന്നത്തെ കേരളസാഹചര്യത്തിൽ വളരെ പ്രസക്തമാണ്. പാവപ്പെട്ടവന്റെ പെണ്ണാട്ടിൻകുട്ടിയെ സമ്പന്നൻ അപഹരിച്ചു കൊന്നുവിരുന്നു നടത്തിയ കഥ വിവരിച്ചുകൊണ്ട് രാജാവായ ദാവീദിനെ പ്രതിക്കൂട്ടിലാക്കി നാഥാൻ പറഞ്ഞു: "ആ മനുഷ്യൻ നീ തന്നെ" (2 സാമു. 12). അഴിമതിക്കെതിരെയുള്ള ദൈവത്തിന്റെ ശക്തമായ ആഞ്ഞടിക്കലാണു നാമിവിടെ കാണുന്നത്. ന്യായത്തെ കീഴ്മേൽ മറിക്കുകയും നീതിയെ നിലത്തെറിയുകയും ചെയ്യുന്നവർക്കെതിരേയുള്ള പ്രവാചകന്റെ വിധിവാചകം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദരിദ്രനെ ചവിട്ടിയരയ്ക്കുകയും അവനിൽ നിന്ന് അന്യായമായി ഗോതമ്പ് ഈടാക്കുകയും ചെയ്ത നിങ്ങൾ, ചെത്തിയൊരുക്കിയ കല്ലുകൊണ്ടു മാളിക പണിയുന്നു. എന്നാൽ നിങ്ങൾ അതിൽ വസിക്കുകയില്ല. മനോജ്ഞമായ മുന്തിരിത്തോപ്പുകൾ നിങ്ങൾ നട്ടുവളർത്തുന്നു. എന്നാൽ, അതിലെ വീഞ്ഞു നിങ്ങൾ കുടിക്കുകയില്ല (ആമോ. 5:11-12). തെറ്റായ മാർഗങ്ങളിലൂടെ നേടുന്ന സമ്പത്ത് ഉടമയ്ക്കും പിൻതലമുറയ്ക്കും വിനാശത്തിനു കാരണമാകുമെന്ന് അനുഭവം പഠിപ്പിക്കുന്നു.

18. ദൈവം നല്കിയ പ്രമാണങ്ങൾ കാക്കുന്നതാണു ദൈവസ്നേഹത്തിന്റെയും മതജീവിതത്തിന്റെയും അടിസ്ഥാനം *(cf. YOUCAT 348).* . ഇതിനു കോട്ടം സംഭവിക്കുമ്പോൾ മതജീവിതം അർത്ഥരഹിതമാകും. ഇത്തരത്തിലുള്ള മതാചാരങ്ങൾക്കെതിരെ ആമോസ് പ്രവാചകന്റെ ശകാരവാക്കുകൾ അർത്ഥഗർഭങ്ങളാണ്. പ്രത്യേകിച്ചും ഇന്ന്. നിങ്ങളുടെ ഉത്സവങ്ങളോട് എനിക്കു വെറുപ്പാണ്, അവജ്ഞയാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്കു പ്രസാദമില്ല...നിങ്ങളുടെ ഗാനങ്ങളുടെ ശബ്ദം എനിക്കു കേൾക്കേണ്ട. നീതി ജലം പോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും (ആമോ. 5:24). ധാർമ്മികനിഷ്ഠയില്ലാത്ത മതാചാരങ്ങളുടെ ഫരിസേയ മനോഭാവത്തെ യേശു നിശിതമായി കുറ്റപ്പെടുത്തിയിട്ടുണ്ട് (മത്തായി 23; 9,6).

(തുടരും......)

**റവ.ഡോ.സ്റ്റീഫൻ ആലത്തറ**

# ലഹരിക്കായി മരുന്നുകളുടെ ദുരുപയോഗം



ചില പ്രത്യേക അസുഖങ്ങൾക്ക് നിയന്ത്രിതമായ അളവിൽ മാത്രം ഉപയോഗിക്കാവുന്ന മരുന്നുകൾ മയക്കുമരുന്നായി ഉപയോഗിക്കുന്ന ശീലം വ്യാപകമാവുകയാണ്. ഡോക്ടറുടെ കുറിപ്പുണ്ടെങ്കിൽ മാത്രം ലഭിക്കുന്ന നൈട്രാസിപാം, നാസ്മോ പ്രോക്സിവോൺ എന്നീ ഗുളികകൾ പിടിച്ചെടുത്തത് വാർത്തയായിരുന്നു.

മയക്കുമരുന്നുകളേക്കാൾ എളുപ്പത്തിൽ ലഭിക്കുമെന്നതും ഒറ്റനോട്ടത്തിൽ സാധാരണ അസുഖത്തിനുള്ള മരുന്നാണെന്ന് തോന്നിപ്പിക്കുമെന്നതും കൗമാരക്കാരിൽ ഇത്തരം മരുന്നുകളുടെ ഉപയോഗം വ്യാപകമാകാൻ കാരണമായിട്ടുണ്ട്. കൂടാതെ അസുഖങ്ങൾക്ക് ഡോക്ടർമാർ നിർദേശിക്കുന്നവയായതിനാൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാകാറില്ലെന്ന തെറ്റിദ്ധാരണയും ചിലർക്കുണ്ട്. എന്നാൽ ഏത് മരുന്നും നിർദേശിക്കപ്പെട്ട അസുഖങ്ങൾക്ക് മാത്രമേ സുരക്ഷിതമായി ഉപയോഗിക്കാൻപറ്റൂ. പ്രായത്തിനനുസരിച്ചുപോലും അളവിൽ മാറ്റമുണ്ടാകുന്ന ഇത്തരം മരുന്നുകൾ ഉപയോഗിക്കുന്നവർ പുകവലി, മദ്യപാനം തുടങ്ങിയവ വർജിക്കണമെന്നും നിർദേശിക്കാറുണ്ട്.

പ്രധാനമായും മൂന്ന് ഇനത്തൽപ്പെട്ട മരുന്നുകളാണ് മയക്കുമരുന്നായി ദുരുപയോഗം ചെയ്യുന്നത്.

**1. ഓപ്പിയോയിഡ്സ്**

ഓക്സികോഡോൺ. ഹൈഡ്രോകോഡോൺ. മെപ്പെരിഡീൻ തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു. വേദനസംഹാരിയായും, ചുമ, വയറ്റിളക്കം എന്നിവയ്ക്കും ഉപയോഗിക്കുന്ന മരുന്നുകളാണിവ. കേന്ദ്ര നാഡീവ്യവസ്ഥയുമായി ബന്ധപ്പെട്ട് തലച്ചോറിൽ വേദനസംവേദനങ്ങൾ എത്തുന്നത് തടയുകയാണ് ഇതിന്റെ ധർമം.

**2. സെൻട്രൽ നെർവ്സ് സിസ്റ്റം (സി.എൻ.എസ്.) ഡിപ്രന്റ്സ്**

പെന്റോബാർബിറ്റോൾ സോഡിയം, ഡയാസെപാം, അൽപ്രെസോളം തുടങ്ങിയവയാണ് ഈ ഇനത്തിൽപ്പെട്ട മരുന്നുകൾ. ഉത്കണ്ഠ, മനസ്സംഘർഷം, ഉറക്കക്കുറവ് എന്നിവയ്ക്ക് നിർദേശിക്കുന്നവയാണ് ഈ മരുന്നുകൾ. തലച്ചോറിന്റെ പ്രവർത്തനം മന്ദീഭവിപ്പിക്കുകയാണ് ഇവയുടെ ധർമം. പെരുമാറ്റത്തിൽ ശാന്തതയോ മന്ദിപ്പോ ഉണ്ടാകുമെന്നതാണ് പ്രവർത്തനം.

**3. ഉത്തേജക ഔഷധങ്ങൾ**

മീതൈൽ ഫെനിഡേറ്റ്, ആംഫെറ്റാമിൻ തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു. കുട്ടികളിൽ കാണപ്പെടുന്ന എ.ഡി.എച്ച്.ഡി.ക്ക് നൽകുന്ന മരുന്നുകളാണിവ. തലച്ചോറിന്റെ പ്രവർത്തനം ത്വരതപ്പെടുത്തുക, കൂടുതൽ ജാഗ്രതയുണ്ടാക്കുക തുടങ്ങിയവയാണ് ഇതിന്റെ സ്വാധീനത്താലുണ്ടാകുന്ന മാറ്റങ്ങൾ.

**പാർശ്വഫലങ്ങൾ**

രോഗത്തിനല്ലാതെ മരുന്നു കഴിക്കുന്നതുതന്നെ അപായംവരുത്തും. മേല്പറഞ്ഞ മരുന്നുകൾ രോഗികളല്ലാത്തവർ കഴിക്കുന്നത് അങ്ങേയറ്റം അപകടകരമാണ്. ഉദാഹരണത്തിന് ഒപ്പിയോയിഡ് ഛർദി, വിഷാദം, ചിന്താമാന്ദ്യം തുടങ്ങിയവയ്ക്ക് കാരണമാകും. അളവുകൂടിയാൽ ശ്വാസതടസ്സത്തിലേക്കും കോമ അവസ്ഥയിലേക്കും എത്തിയേക്കും മരണവും സംഭവിക്കാം. മദ്യത്തോടൊപ്പം ഉപയോഗിക്കുന്നതും ദുരന്തമുണ്ടാക്കും. സി.എൻ.എസ്. ഡിപ്രസന്റുകളും അപകടകാരികളാണ്. വേദനാസംഹാരികൾ, അലർജിക്കുള്ള മരുന്നുകൾ, മദ്യം ഇവയ്ക്കൊപ്പം കഴിച്ചാൽ ഹൃദയമിടിപ്പും ശ്വാസഗതിയും മന്ദഗതിയിലാക്കി മരണത്തിന് കാരണമായേക്കും. എ.ഡി.എച്ച്.ഡി. ക്കുള്ള മരുന്നുകൾ രോഗികളല്ലാത്തവർ കഴിച്ചാൽ ഹൃദയത്തിന്റെ പ്രവർത്തനത്തെ ബാധിച്ചേക്കാം. ചെറിയ സമയത്തിനുള്ളിൽ കൂടുതൽ അളവ് കഴിക്കുന്നതാണ് മിക്കപ്പോഴും അപായമുണ്ടാക്കുന്നത്. ലഹരിക്കായി ഇത്തരം മരുന്നുകഴിക്കുന്നവർ മിക്കപ്പോഴും അപായമുണ്ടാക്കുന്നത്. ലഹരിക്കായി ഇത്തരം മരുന്നുകഴിക്കുന്നവർ മിക്കപ്പോഴും അളവ് കൂട്ടി കഴിക്കുന്നത് പതിവാണ്.

**കുട്ടികളുടെ മേൽ ശ്രദ്ധ**

കുട്ടികൾ അനാവശ്യമായി മരുന്നു കഴിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. തലവേദന, ചെറുപനി എന്നിവയ്ക്കാണെങ്കിൽ പോലും പതിവായി ഡോക്ടറുടെ കുറിപ്പില്ലാതെ മരുന്ന് കഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയന്ത്രിക്കേണ്ടതാണ്. കൂടാതെ അവരുടെ കൈയിൽ പതിവായി കാണുന്ന ഗുളിക വാങ്ങി, മരുന്നിനെക്കുറിച്ച് അറിയാവുന്നവരുടെ അടുത്ത് കൊണ്ടുപോയി ചോദിച്ചറിയണം. അമിത ഉറക്കം, ഉറക്കം തൂങ്ങൽ, വിഷാദം തുടങ്ങി അസ്വാഭാവിക പെരുമാറ്റം കുട്ടികളിൽ കാണുകയാണെങ്കിൽ അവരുടെ പ്രവൃത്തികൾ രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരിക്കൽ ഇത്തരം മരുന്നുകൾ അനാവശ്യമായി കഴിച്ചുതുടങ്ങിയാൽ മയക്കുമരുന്നുപോലെ ലഹരിയാക്കാൻ സാധ്യതയുണ്ട്.

## പത്തുവർഷത്തിനിടെ ജനനനിരക്ക് 19 % കുറഞ്ഞു



കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ രാജ്യത്തെ ജനന നിരക്കിൽ 19 ശതമാനം കുറവുണ്ടായതായി റിപ്പോർട്ട്. ജനന നിരക്കിൽവർധന രേഖപ്പെടുത്തിയ ഒരേയൊരു സംസ്ഥാനം കേരളമാണ്. 2009 ൽ കേരളത്തിലെ ജനന നിരക്ക് 1.7 ശതമാനമായിരുന്നത് 2010 ആയപ്പോഴേക്കും 1.8 ശതമാനമായി ഉയർന്നു. പത്തു വർഷം കൊണ്ട് പഞ്ചാബിൽ ജനന നിരക്ക് 28% കുറഞ്ഞു. കേരളത്തിലത് 5.6 ശതമാനമാണ്. മഹാരാഷ്ട്രയാണ് രണ്ടാമത്-26.9%. ഹരിയാനയിലും ആന്ധ്രാപ്രദേശിലും ജനന നിരക്ക് 25 ശതമാനം ഇടിഞ്ഞപ്പോൾ ഉത്തർപ്രദേശിൽ 23%, രാജസ്ഥാനിൽ 22%, ഹിമാചൽപ്രദേശിലും പശ്ചിമബംഗാളിലും 21% എന്നിങ്ങനെ കുറവു രേഖപ്പെടുത്തി. 2010 ലെ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം പ്രകാരം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനു നൽകിയ റിപ്പോർട്ടിലാണ് ഈ കണക്കുകളുള്ളത്. 2008, 2009 വർഷങ്ങളിൽ ഇന്ത്യയിലെ ജനനനിരക്കിൽ വ്യതിയാനമുണ്ടായിട്ടില്ലെന്നു റിപ്പോർട്ട് പറയുന്നു. ഇക്കാലയളവിൽ 2.6 ശതമാനമാണു രേഖപ്പെടുത്തിയത്. 2010 ൽ ഇത് 0.1 ശതമാനം കുറഞ്ഞ് 2.5 ൽ എത്തി. 2000 ൽ ജനന നിരക്ക് 3.2 ശതമാനമായിരുന്നു. വിദ്യാഭ്യാസം വർധിച്ചതും ജനനനിരക്കു കുറയാൻ കാരണമായി. അഭ്യസ്തവിദ്യരായ സ്ത്രീകളെ അപേക്ഷിച്ച് നിരക്ഷരരായ സ്ത്രീകൾക്കിടയിൽ പ്രസവനിരക്ക് 1.2 ശതമാനം കൂടുതലാണ്. പത്താം ക്ലാസ് വരെയെങ്കിലും വിദ്യാഭ്യാസമുള്ള സ്ത്രീകൾക്കിടയിലെ ജനന നിരക്ക് 1.9 ശതമാനമാണ്. 12-ാം ക്ലാസ് വരെ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ ഇടയിലേക്കെത്തുമ്പോഴേക്കും നിരക്ക് 1.6 ശതമാനമായി കുറഞ്ഞു. ബിഹാർ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ, ഝാർഖണ്ഡ്, ഛത്തീസ്ഗഡ്, അസം, ഗുജറാത്ത്, ഹരിയാന, ഒഡീഷ തുടങ്ങിയ പത്തു സംസ്ഥാനങ്ങളിൽ ഇപ്പോഴും ജനനനിരക്ക് വളരെ ഉയർന്നതോതിലാണ്. ഈ സംസ്ഥാനങ്ങളിലെ ആകെ ജനങ്ങളുടെ എണ്ണം രാജ്യത്തെ ജനസംഖ്യയുടെ പകുതിവരും.

## വർധിക്കുന്ന വിവാഹമോചനക്കേസുകൾ

കേരളത്തിൽ വിവാഹമാചനക്കേസുകൾ യാതൊരു എത്തും പിടിയുമില്ലാതെ പെരുകുകയാണ് സ്വയംവര ദമ്പതികളും മാതാപിതാക്കളും കുടും ബാംഗങ്ങളും ചേർന്ന് കൂടിയാലോചിച്ച് നടത്തിയ വൈവാഹിക ബന്ധങ്ങളും നീണ്ടുനില്ക്കാതെ തകർന്നുപോകുന്നതിന്റെ കാരണങ്ങൾ നിരവധിയാണ്. മാനസികമായി പൊരുത്തപ്പെട്ട് ജീവിക്കാൻ കഴിയാതെ യുവദമ്പതികൾ തല്ലിപ്പിരിയുന്നതിന്റെ കണക്കുകൾ ആരെയും അമ്പരപ്പിക്കും. കേരളത്തിലെ കുടുംബ കോടതികളിലും മജിസ്ട്രേറ്റ് കോടതികളിലും ഓരോ വർഷവും എത്തിക്കൊണ്ടിരിക്കുന്ന വിവാഹ മോചന ക്കേസുകളുടെ എണ്ണം നോക്കുക. കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ ദാമ്പത്യ ശൈഥില്യത്തിന്റെ തോത് ഇരട്ടിയായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2005 കേരളത്തിൽ 28,000 ദമ്പതികളാണ് തുടർജീവിതം ഇഷ്ടപ്പെടാതെ വേർപിരിഞ്ഞത്. പിറ്റേവർഷം 30,000 ദമ്പതികളും 2007ൽ 30,640 ദമ്പതികളും 2008ൽ 33,000 ദമ്പതികളും കോടതി വഴി ഒരുമിച്ചുള്ള ജീവിതം വേണ്ടെന്നുവച്ചു. ക്രമാനുഗതം ഓരോവർഷവും വിവാഹ മോചനക്കേസുകൾ പെരുകിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം ഇത്തരത്തിൽ 42,436 കേസുകളാണ് സംസ്ഥാനത്ത് ഉത്ഭവിച്ചത്. കേരളത്തിലെ എല്ലാ ജില്ലകളിലും വിവാഹ മോചന ക്കേസുകൾ പെരുകിക്കൊണ്ടിരിക്കുകയാണ്. ദിനംപ്രതി ശരാശരി ഇത്തരം 116 കേസുകൾ വിവധ കോടതികളിൽ എത്തുന്നുണ്ടെന്ന് അറിയുന്നു. ജില്ലാ അടിസ്ഥാനത്തിൽ നോക്കിയാൽ തിരുവനന്തുപുരത്താണ് കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ വിവാഹമോചനക്കേസ് രജിസ്റ്റർ ചെയ്യപ്പെട്ടത്. ഏറ്റവും കുറവ് വയനാട് ജില്ലയിലും.

## വിശന്നുവലയുന്ന കുട്ടികൾ വളർച്ചാനിരക്കിനെ പരിഹസിക്കുന്നു.

ഇന്ത്യയിലെ വിശന്ന് വലയുന്ന കുട്ടികൾ വീണ്ടും വാർത്താപ്രാധാന്യം നേടുന്നു. പോഷകാഹാരകുറവ് നേരിടുന്ന കുട്ടികളെക്കുറിച്ച് പ്രധാനമന്ത്രി പുറത്തിറക്കിയ സ്ഥിതിവിവരകണക്കുകൾ ഗുരുതരമായ ഈ സ്ഥതിവിശേഷങ്ങത്തിൽ അടിയന്തര ശ്രദ്ധപതിക്കേണ്ടതിന്റെ ആവശ്യകത വെളിവാക്കുന്നു. ധനമന്ത്രി 2012-13 സാമ്പത്തികവർഷത്തിലെ ബജറ്റിൽ ഇതേക്കുറിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും രാജ്യത്ത് വർധിച്ചുവരുന്ന പോഷകാഹാരക്കുറവ് അനുഭവിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാകുന്നില്ല. മൊബൈൽ, ഫോൺ, ടി.വി തുടങ്ങിയ ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുന്ന ആളുകളുടെ ശതമാന വർധന വളരെ അഭിമാനത്തോടെ നമ്മുടെ രാജ്യം പുറത്തുവിടുമ്പോൾ രണ്ട് കുട്ടികളിൽ ഒരാൾ ഒട്ടിയവയറോടെ ഉറങ്ങേണ്ടിവരുന്ന ദയനീയമായ സ്ഥതിവിശേഷമാണ് നമുക്ക് മുമ്പിലുള്ളത്. ഇന്ത്യയിൽ 47 ശതമാനത്തോളം കുട്ടികളാണ് പോഷകാഹാരക്കുറവ് അനുഭവിക്കുന്നത്. നമ്മുടെ അയൽരാജ്യങ്ങളായ ബംഗ്ലാദേശ്, മറ്റ് ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെ കണക്കുകളുമായി തട്ടിച്ചു നോക്കുമ്പോൾ. ഇന്ത്യയിൽ പോഷകാഹാരക്കുറവ് അനുഭവിക്കുന്ന കുട്ടികളുടെ

എണ്ണം കൂടുതലാണ്. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്കിൽ പകുതിയും പ്രത്യക്ഷമായോ പരോക്ഷമായോ പോഷകാഹാരക്കുറവുമായി ബന്ധപ്പെടേണ്ടതാണ്. പട്ടിണിക്കാരുടെ കാര്യത്തിൽ ലോകത്തെ ഇരുപത്തിയഞ്ചാം സ്ഥാനത്തുനിൽക്കുന്ന ഇന്ത്യ പോഷകാഹാരക്കുറവിന്റെ കാര്യത്തിൽ 65-ാം സ്ഥാനത്താണ്.

## കേരളത്തിൽ ആൾത്താമസമില്ലാത്ത 11.8 ലക്ഷം വീടുകൾ

കേരളത്തിലെ 1.12 കോടി വീടുകളിൽ ആൾ പാർപ്പില്ലാത്ത അടച്ചിട്ടിരിക്കുന്നവ 11,88,144. ഇവയിൽ ഏറ്റവും കൂടുതൽ എറണാകുളം ജില്ലയിലാണെന്ന് ലൈസൻസ് കണക്കുകൾ വ്യക്തമാക്കുന്നു. 10 വർഷത്തിനുള്ളിൽ കെട്ടിടങ്ങളുടെ എണ്ണത്തിൽ 19.9 ശതമാനം വർദ്ധനവാണ് ഉണ്ടായത്. 1.2 കോടി വീടുകളാണ് സംസ്ഥാനത്ത് ഉള്ളത്. ഇതിൽ 58,57,785 വീടു ഗ്രാമപ്രദേശങ്ങളിലും 53,60,068 വീടുകൾ നഗരപ്രദേശങ്ങളിലുമാണ്.

എറണാകുളത്ത് ആകെയുള്ള 11,74,691 വീടുകളിൽ 1,36,722 എണ്ണത്തിലും താമസക്കാരില്ല. തൊട്ടടുത്ത സ്ഥാനം തിരുവനന്തപുരം ജില്ലയ്ക്കാണ്. ഇവിടെ 1,13,968 വീടുകൾ ഒഴിഞ്ഞുകിടക്കുന്നു. സംസ്ഥാനത്തെ വീടുകളിൽ 77 ശതമാനവും താമസത്തിനുവേണ്ടി ഉപയോഗിക്കുന്നു. പത്ത് ശതമാനത്തിൽ താഴെ മാത്രമാണ് വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നത്. ജില്ലകളിൽ ഓലമേഞ്ഞ വീടുകൾ ഏറ്റവും കുറവ് എറണാകുളത്താണ് 0.4 ശതമാനം. എന്നാൽ തിരുവനന്തുപുരത്ത് ഓലപ്പുരയുള്ളവർ 7 ശതമാനംവരും.

എറണാകുളത്ത് 30 ശതമാനം ഓടിട്ട വീടുകളാണ്. തിരുവനന്തുപുരത്ത് അവ 22.5 ശതമാനവുമാണ്. കോൺക്രീറ്റ് മേൽക്കൂരയുള്ളത് എറണാകുളത്ത് 64.1 ശതമാനം വീടുകൾ. കേരളത്തിലെ വീടുകളിൽ 30 ശതമാനത്തിലും നാല് അംഗങ്ങൾ താമസിക്കുന്നുണ്ട്. ഒമ്പതിലധികം അംഗങ്ങൾ താമസിക്കുന്ന വീടുകളുടെ എണ്ണക്കൂടുതൽ മലപ്പുറത്താണ് (9.7 ശതമാനം).

## സർക്കാർ മാനസികാരോഗ്യകേന്ദ്രങ്ങളിൽ 180 അന്യസംസ്ഥാന യുവതികൾ



സംസ്ഥാനത്തെ മ ാനസികാരോഗ്യ കേന്ദ്രങ്ങളിൽ 180 അന്യ സംസ്ഥാന യുവതികൾ ഭാവി ജീവിതത്തെക്കുറിച്ച് പ്രതീക്ഷയില്ലാതെ കഴിയുന്നു. അതിൽ ഭൂരിഭാഗവും ലൈംഗിക ചൂഷണത്തിന്റെയും വഞ്ചനയുടെയും ദുരനുഭവങ്ങളുമുള്ളവരാണ്.മൊത്തം അന്തേവാസികളിൽ അഞ്ചിലൊന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് അതായത് 1385 പേരിൽ 272 പേർ കോഴിക്കോട്ടെ കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ ആകെ 574 രോഗികളാണുള്ളത്. അതിൽ 123പേർ അന്യസംസ്ഥാനക്കാരാണ്. 81 സ്ത്രീകളും, 42 പുരുഷന്മാരും. തിരുവനന്തുപുരം മാനസികാരോഗ്യകേന്ദ്രത്തിൽ 450 അന്തേവാസികളുണ്ട്. അതിൽ 87 പേർ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. അവരിൽ 59 പേർ 40 വയസ്സന് താഴെയുള്ള സ്ത്രീകളാണ്. 28 പേർ പുരുഷന്മാരും. തൃശ്ശൂർ ഗവ. മാനസികാരോഗ്യകേന്ദ്രത്തിൽ 361 അന്തേവാസികളുള്ളതിൽ 65 പേർ മറുനാട്ടുകരാണ്. 25 -നും 40 -നുമിടയിലുള്ള സ്ത്രീകൾ 40 പേരുണ്ട്. 25 പേർ പുരുഷന്മാരാണ്.

സംസ്ഥാനത്തെ സർക്കാർ ആസ്പത്രികളിലെ മാത്രം കണക്കാണിത്. അതിന് പുറമേ മിക്ക ജില്ലകളിലും സ്വകാര്യ ആസ്പത്രികളിലും പുനരധിവാസ കേന്ദ്രങ്ങളുമുണ്ട്.

ഇത്തരം സ്വകാര്യ മാനസികാരോഗ്യ -പുനരിധിവാസ കേന്ദ്രങ്ങളിലും അന്യസംസ്ഥാനത്തു നിന്നുള്ളവർ ഏറെയുണ്ട്. അതിന്റെ വിക്തമായ കണക്ക് ലഭ്യമല്ല.

## 2030 ഓടെ മറവിരോഗികൾ 657 ലക്ഷമാകും

2030ഓടെ ഡിമെൻഷ്യബാധിതരുടെ എണ്ണം 657 ലക്ഷമായി വർധിക്കുമെന്ന് ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട്. 2050 ആവുമ്പോഴേക്കും ഇത് ഇപ്പോഴുള്ളതിന്റെ മൂന്നു മടങ്ങായി വർധിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം മറവിരോഗം ബാധിച്ചവരുടെ എണ്ണം നിലവിൽ 356 ലക്ഷമാണ്.

ഇവരുടെ ചികിത്സക്കായി കോടിക്കണക്കിന് യു.എസ് ഡോളറുകൾ ചെലവഴിക്കുന്നതായാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. മറവി രോഗം ബാധിതരിൽ 70 ശതമാനത്തോളം പേരും അൽഷൈമേഴ്സ് രോഗികളാണ്. വികസിതരാജ്യങ്ങളിൽ പോലും 20 ശതമാനം മുതൽ 50 ശതമാനം വരെ ഡിമൻഷ്യ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആധുനിക രോഗനിർണയ സംവിധാനങ്ങളുടെ ആവശ്യകത ഏറെയാണെന്നും റിപ്പോർട്ട് ചൂണ്ടികാണിക്കുന്നു.

## നിരത്തിലെ കൂട്ടക്കുരുതികൾ

വാഹനാപകടങ്ങളിലെ കൂട്ടമരണങ്ങൾ അടുത്ത നാളുകളിൽ കേരളത്തെ ഏറെ കണ്ണീരു കുടിപ്പിച്ചു. കൊച്ചുകുട്ടികളെ അനാഥരാക്കി മാതാപിതാക്കളും മാതാപിതാക്കളെ തനിച്ചാക്കി കുട്ടികളുമൊക്കെ ഈ അപകടങ്ങളിൽപെട്ടു. അല്പംകൂടി ജാഗ്രതയും

മുൻകരുതലുമുണ്ടായിരുന്നുവെങ്കിൽ, ഇത്തരം അപകടങ്ങൾ പലതും തുടർക്കഥകളാവുകയാണ്. എന്താണിതിനൊരു പ്രതിവിധി? അപകടങ്ങൾ സ്വാഭാവികമാണെങ്കിലും കേരളത്തിൽ വർധിച്ചുവരുന്ന അപകടങ്ങളുടെ തോതു നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതുണ്ട്.

വാഹനാപകടങ്ങളുടെ കാര്യത്തിൽ കേരളം എന്നും മുൻപന്തിയിലാണ്. ജനസാന്ദ്രതയും വാഹനങ്ങളുടെ പെരുപ്പവും പലരും ചൂണ്ടി കാണിക്കാറുണ്ടെങ്കിലും അശ്രദ്ധമായ ഡ്രൈവിംഗാണു പലപ്പോഴും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നത്.

ഇക്കഴിഞ്ഞ ജനുവരി,ഫെബ്രുവരി മാസങ്ങളിൽമാത്രം കേരളത്തിലുണ്ടായ വാഹനാപകടങ്ങളിൽ 698 പേർ മരിച്ചതായാണു പോലീസിന്റെ ഔദ്യോഗിക കണക്ക്. ഇതിൽ മുന്നൂറിലേറെപ്പേർ ബൈക്ക് അപകടത്തിലാണു കൊല്ലപ്പെട്ടത്. ഹെൽമറ്റ് ഉപയോഗിക്കാതിരുന്നതിനാൽ തലയ്ക്ക് ഗുരുതരമായ ക്ഷതമേറ്റാണ് ഇവരിൽ നല്ലൊരു പങ്കും മരിച്ചത്. ആവർത്തിച്ചുള്ള മുന്നറിയിപ്പുകളും ബോധവത്കരണവും നടന്നിട്ടും ഇക്കാര്യത്തിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല എന്നാണ് അപകടക്കണക്കുകൾ വ്യക്തമാക്കുന്നത്. മദ്യപിച്ചു വാഹനമോടിക്കുന്നവരെയും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെയുമൊക്കെ പിടികൂടുകയും പിഴയിടുകയുമൊക്കെ ചെയ്തിട്ടും അപകടനിരക്ക് കുറയുന്നില്ലെന്നു മാത്രമല്ല, കൂടുകയാണ്.

## കേരളത്തിൽ 90 ശതമാനത്തോളം പേർ ടെലിഫോൺ ഉപയോക്താക്കൾ




സംസ്ഥാനത്ത് 90 ശതമാനത്തോളം പേരും ടെലിഫോൺ ഉപയോഗിക്കുന്നതായി 2011 ലെ സെൻസസ് രേഖകൾ. രാജ്യത്തെ മൊത്തം ടെലിഫോൺ ഉപയോക്താക്കൾ 63.2 ശതമാനം മാത്രമാണെന്നിരിക്കെയാണ് സംസ്ഥാനത്ത് ഇത് 89.7 ശതമാനമായി ഉയർന്നത്.

2001 ൽ 19.1 ശതമാനം പേർക്ക് മാത്രമാണ് സംസ്ഥാനത്ത് ടെലിഫോൺ ഉണ്ടായിരുന്നത്. വയനാട് ജില്ലയിലാണ് ടെലിഫോൺ ഉപയോക്താക്കൾ ഏറ്റവും കുറവ്, 83.7 ശതമാനം. 2001 ൽ ഇത് 8.4 ശതമാനം മാത്രമായിരുന്നു. കോട്ടയം ജില്ലയിലാണ് കൂടുതൽ 93.9 ശതമാനം. 2001 ൽ ഇത് 25.4 ശതമാനമായിരുന്നു. 2001 ൽ മലപ്പുറം ജില്ലയിൽ 11.5 ശതമാനം ആയിരുന്നത് പത്തുവർഷത്തിനുശേഷം 93 ശതമാനം ആയി ഉയർന്നു. സംസ്ഥാനത്തെ മൊത്തം ടെലിഫോൺ ഉപയോക്താക്കളിൽ 11.6 ശതമാനത്തിന് മാത്രമാണ് ലാൻഡ് ലൈൻ ഫോണുള്ളത്. 46.8 ശതമാനം പേർക്ക് മൊബൈൽ ഫോണും. 31.3 ശതമാനം പേർ രണ്ടും കൂടി ഉപയോഗിക്കുന്നവരുമാണ്.

ഗ്രാമീണ മേഖലയിൽ ടെലിഫോൺ ഉപയോഗിക്കുന്നവരുടെ എണ്ണം 2001 ൽ 15.7 ശതമാനം ആയിരുന്നത് 2011 ൽ 88 ശതമാനമായി ഉയർന്നു. നഗരമേഖലയിൽ 29.3 ശതമാനത്തിൽ നിന്ന് 91.5 ശതമാനമായാണ് ഉയർന്നത്. മൊബൈൽ ഉപയോക്താക്കളിൽ 47.4 ശതമാനം പേർ നഗരവാസികളാണ്. നഗരങ്ങളിൽ പാർക്കുന്ന 32.6 ശതമാനം പേർ മൊബൈലും ലാൻഡ് ലൈനും ഉപയോഗിക്കുന്നുണ്ട്.

രാജ്യത്തെ മൊത്തം ടെലിഫോൺ ഉപയോക്താക്കളിൽ നാല് ശതമാനത്തിലാണ് ലാൻഡ് ലൈൻ മാത്രമുള്ളത്. 53.2 ശതമാനമാണ് മൊബൈൽ ഉപയോക്താക്കളുടെ എണ്ണം. രണ്ടും ഉപയോഗിക്കുന്നവർ ആറ് ശതമാനവും.

## എറണാകുളം ജില്ല മുസ്ലീം ത്രീവ്രവാദ സംഘടനകൾ താവളമാക്കുന്നു.

എൻഡിഎഫ്, പോപ്പുലർ ഫ്രണ്ട് തുടങ്ങിയ തീവ്രവാദഗ്രൂപ്പുകളാണ് ജില്ലയുടെ വിവധ ഭാഗങ്ങൾ കേന്ദ്രീകരിച്ച് മതവിദ്വേഷപ്രചാരണവും ദേശവിരുദ്ധ പ്രവർത്തനങ്ങളും ശക്തമാക്കിയിട്ടുള്ളത്. മതനിന്ദ ആരോപിച്ച് തൊടുപുഴയിൽ ന്യൂമാൻസ് കോളേജ് അദ്ധ്യാപകൻ കെ.ജെ.ജോസഫിന്റെ കൈവെട്ടിയതിലൂടെ എറണാകുളം ജില്ല തങ്ങളുടെ തട്ടകമാണെന്ന് പോപ്പുലർ ഫ്രണ്ട് പരസ്യമായി പ്രഖ്യാപിക്കുകയായിരുന്നു. ഇതിന്റെ പേരിൽ പിടിയിലായ തീവ്രവാദികളെല്ലാം തന്നെ ആലുവ, കാലടി, പെരുമ്പാവൂർ മേഖലകളിൽ നിന്നുള്ളവരായിരുന്നു. മതവിദ്വേഷം കുത്തിപ്പൊക്കുന്ന വിധത്തിലും ഇക്കൂട്ടർ നടത്തുന്ന പ്രചാരണങ്ങൾക്കെതിരെ അധികൃതരുടെ ഭാഗത്തുനിന്ന് മതിയായ നടപടികളുണ്ടാകുന്നില്ല.

ഇപ്പോൾ എൻഐഎ അന്വേഷിക്കുന്ന പാനായിക്കുളം സിമി ഗൂഢാലോചനക്കേസിന് ആസ്പദമായ സംഭവം നടന്നത് ആലുവക്കടുത്താണ്. പോലീസിനെ വെല്ലുവിളിച്ചും നിരോധനാജ്ഞക്ക് പുല്ലുവില കൽപ്പിച്ചും പെരുമ്പാവൂരിൽ തീവ്രവാദി ഗ്രൂപ്പുകൾ ഫ്രീഡം പരേഡ് നടത്തുകയുണ്ടായി. എന്നാൽ ഇക്കൂട്ടരുടെ അഴിഞ്ഞാട്ടത്തിൽ കയ്യുംകെട്ടി നിൽക്കുകയാണ് അധികൃതർ ചെയ്തത്. പെരുമ്പാവൂർ ശ്രീധർമശാസ്താക്ഷേത്രത്തിന് മുന്നിലിട്ട് ഒരു പശുവിനെ അറുത്ത് കലാപത്തിന് ശ്രമിക്കുകയുണ്ടായി. കാസർകോട്ടും ഇതിന് സമാനമായ സംഭവങ്ങൾ അരങ്ങേറി. അവിടെ മീപ്പുരി ദുർഗാപരമേശ്വരി ക്ഷേത്രത്തിലെ ദീപസ്തംഭത്തിൽ പോത്തിന്റെ തല കൊണ്ടുവെക്കുകയായിരുന്നു. ഇതിനുത്തരവാദികളായ ത്രീവ്രവാദികൾ

പെരുമ്പാവൂരിലായിരുന്നു ഒളിവിൽ കഴിഞ്ഞിരുന്നത്. പെരുമ്പാവൂരിലെ ബേക്കറിയിൽ നിന്നാണ് ഇവരെ അറസ്റ്റു ചെയ്തത്. സംസ്ഥാനത്തെ തീവ്രവാദ പ്രസ്ഥാനങ്ങളുടെ ഹബായി എറാണാകുളം ജില്ല മാറുകയാണെന്നാണ് ഇതെല്ലാം കാണിക്കുന്നത്.

## കേരളത്തിലെ ക്യാൻസർ വ്യാപനത്തിനു പ്രധാന കാരണം പുകയില

കേരളത്തിൽ അർബുദം കാരണം മരിക്കുന്നവരിൽ നല്ല പങ്ക് ഇരയാകുന്നതു പുകയിലജന്യമായ അർബുദത്തിനെന്നു വിദഗ്ധ പഠനം. ക്യൻസർ മൂലം മരണസാധ്യതയുള്ള, കർമശേഷിയുള്ള പുരുഷന്മാരുടെ കാര്യത്തിൽ ഇന്ത്യയിൽ മൂന്നാം സ്ഥാനത്താണു കേരളം. വടക്കു പടിഞ്ഞാറൻ സംസ്ഥാനങ്ങളും അസമും മാത്രമാണ് ഇക്കാര്യത്തിൽ കേരളത്തിനു മുന്നിലുള്ളത്. മുംബെയിലെ ടാറ്റ മെമ്മോറിയൽ ആശുപത്രിയിലും ക്യാനഡയിലെ ടൊരന്റോയിലുള്ള സെന്റർ ഫൊർ ഗ്ലോബൽ ഹെൽത്ത് റിസെർച്ചും ചേർന്നു നടത്തിയ പഠനത്തിലാണ് കണ്ടെത്തലുകൾ. 2010ലെ കണക്കുകളനുസരിച്ച് മാത്രം ഇന്ത്യയിൽ 1.20 ലക്ഷം പേരാണ് പുകയിലജന്യ ക്യാൻസർ മൂലം മരിച്ചത്. ക്യാൻസർ കാരണം ഇന്ത്യയിലെ ഒരു വർഷം മരിക്കുന്നത് ആറുലക്ഷം പേർ. അതിൽ 70% പ്രവർത്തനശേഷി ഏറ്റവും കൂടുതലുള്ള 30-69 പ്രായപരിധിക്കുള്ളിലുള്ളവർ. പഠനത്തിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം ഈ അർബുദബാധയും മരണങ്ങളും കൃത്യമായി തടയാൻ കഴിയുമെന്നതാണ്.

30നും 60നും ഇടയിലുള്ള കേരളീയരായ പുരുഷന്മാരിൽ ഒരുലക്ഷം പേരുടെ കണക്കെടുത്താൽ 158.5 പേരാണു ക്യാൻസർ ബാധിച്ച ഒരോവർഷവും മരിക്കുന്നത്. ഇതിൽ 53.9 പേരുടെയും മരണകാരണം സിഗരറ്റ്, ബീഡി, പാൻ മസാല, മുറുക്കാൻ തുടങ്ങിയവയിലൂടെയുള്ള പുകയില ഉപയോഗമാണ്. 70 വയസിനു താഴെയുള്ള പുരുഷൻമാർ ക്യാൻസർ കാരണം മരിക്കാനുള്ള സാധ്യത 7.6% കേരളത്തിലെ ഒരു ലക്ഷം സ്ത്രീകളിൽ 90.3പേർ ക്യൻസർ കാരണം മരിക്കുന്നുണ്ടെന്നും ചൂണ്ടികാണിക്കുന്നു.

## പ്രസിദ്ധീകരണങ്ങൾക്കും പ്രചാരം കുറഞ്ഞു

പാർട്ടി അംഗങ്ങളുടെ എണ്ണത്തിനൊപ്പം സി.പി. എം. പ്രസിദ്ധീകരണങ്ങളുടെ പ്രചാരവും ശോഷിക്കുന്നു. പാർട്ടി കോൺഗ്രസിൽ അവതരിപ്പിച്ച സംഘടനാ റിപ്പോർട്ടിലാണ് ഈ പരാമർശം.

കഴിഞ്ഞ നാലുവർഷത്തിനിടെ സി.പി.എം .മുഖപത്രങ്ങളായ പീപ്പിൾസ് ഡെമോക്രസി, ലോക്ലഹർ, മാർക്സിസ്റ്റ് എന്നിവയുടെ പ്രചാരത്തിൽ വൻ ഇടിവുണ്ടായി. പീപ്പിൾസ് ഡെമോക്രസിയുടെ 8597 ആയിരുന്നു. 2011 ൽ 7442. തമിഴ്നാട്ടിൽ നാലു കൊല്ലം മുമ്പ് 1853 ആയിരുന്ന പീപ്പിൾസ് ഡെമോക്രസി 2011 ൽ 1472 ആയി കുറഞ്ഞു.

## മലയാളിക്ക് തോക്കിനോട് പ്രിയമേറുന്നു.

രണ്ട് വർഷത്തിനകം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 200 ലധികം നാടൻതോക്കുകളും റിവോൾവറുകളും തിരകളുമാണ് പൊലീസ് കണ്ടെടുത്തത്.

നിയമപരമായി തോക്ക് സ്വന്തമാക്കുക പ്രയാസമായതായിനാലാണ് കള്ളത്തോക്കെങ്കിലും സ്വന്തമാക്കാൻ ശ്രമം തുടങ്ങിയത്. വ്യവസായ പ്രമുഖരിലും ഗുണ്ടാത്തലവന്മാരിലും രാഷ്ട്രീയ നേതാക്കളിലും ഈ ആഗ്രഹം വളർന്നതോടെ അനധികൃതമായി തോക്ക് നിർമിച്ച നൽകുന്ന സംഘങ്ങൾക്കും ചാകരയായി. വനമേഖലകളും ഡാമുകളും കൂടുതലുള്ള ജില്ലകളിലാണ് അനധികൃത തോക്കുകളുടെ ഉപയോഗം കൂടുതലായി നടക്കുന്നത്. ഇടുക്കിയിലെ ശാന്തൻപാറ, കട്ടപ്പന, പാക്കാട്ടെ മംഗളംഡാം, അഗളി, ഷോളയാർ, നംന്മാറ, ശ്രീകൃഷ്ണപുരം, വയനാട്ടെ തിരുനെല്ലി, തലപ്പുഴ പുൽപ്പള്ളി, മേപ്പടി, കൽപ്പറ്റ, കാസർകോട്ടെ അമ്പലത്തറ, വെള്ളിക്കണ്ട, രാജപുരം, അതൂർ ബെഡക്കം, കണ്ണൂരിലെ ആറളം, മട്ടന്നൂർ എന്നീ പൊലീസ് പരിധികളിൽ നിന്നാണ് നാടൻ തോക്കുകൾ കൂടുതലായി പിടിച്ചെടുത്തത്. ആവശ്യക്കാരുടെ ഇഷ്ടപ്രകാരം നാടൻ തോക്കുകൾ നിർമിച്ച് നൽകുന്ന സംഘങ്ങളും സംസ്ഥാനത്ത് സജീവമാണ്. എയർ ഗൺസ്, ഷോട്ട്ഗൺസ്, റൈഫിൾസ് തുടങ്ങിയവയാണ് മറ്റ് തോക്കുകൾ.

ഒരാളുടെ ജീവന് ഭീഷണിയുണ്ടെന്ന് പൊലീസ് അന്വേഷണത്തിൽ ഉറപ്പായാൽ മാത്രമേ തോക്ക ലൈസൻസ് ലഭിക്കൂ. അതിനുള്ള നൂലാമാലകളും ഏറെയാണ്. കലക്ട്രേറ്റുകളിൽ ഇത്തരത്തിൽ അപേക്ഷ നൽകി കാത്തിരിക്കുന്നവരും നിരവധി. തോക്ക് ലൈസൻസിനായി നൽകുന്ന അപേക്ഷകൾ അതത് പൊലീസ് സ്റ്റേഷനുകളിലേക്ക് അയച്ചുകൊടുത്ത് ലൈസൻസ് നൽകാമെന്ന് പൊലീസ് ശിപാർശ ചെയ്താൽ മാത്രമേ തോക്ക് ലഭിക്കൂ. എന്നാൽ ഇതിനുള്ള സാവകാശമൊന്നും മലയാളിക്ക് ഇല്ലാതായി. തുച്ഛമായ തുക നൽകി എയർഗണ്ണെങ്കിലും സ്വന്തമാക്കാനാണ് പലരുടെയും ശ്രമം.

## രാജ്യത്ത് മുതിർന്ന സ്ത്രീകളുടെ എണ്ണം വർധിച്ചുവരുന്നതായി റിപ്പോർട്ട്.

രാജ്യത്ത് 60 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളുടെ എണ്ണം കൂടുതലാണെന്ന് റിപ്പോർട്ട്. ദ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ നടത്തിയ സർവേ കേന്ദ്ര ആരോഗ്യമന്ത്രാലയമാണ് പുറത്തുവിട്ടത്.

രാജ്യത്തെ 20 സംസ്ഥാനങ്ങളിൽ 17 ഇടത്തും മുതിർന്ന സ്ത്രീകളുടെ എണ്ണം കൂടുതലാണ്. 2016 ഓടെ മുതിർന്ന സ്ത്രീകളുടെ എണ്ണം 51 ശതമാനമായി വർധിക്കുന്നുവെന്നും റിപ്പോർട്ട്. മികച്ച ആരോഗ്യ സൗകര്യങ്ങൾ, വിദ്യാഭ്യാസം, ജീവിത പ്രതീക്ഷകൾ എന്നിവയല്ലാം ഇതിനു കാരണമായി സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം ചൂണ്ടികാട്ടുന്നു. മുതിർന്ന സ്ത്രീകളുടെ എണ്ണത്തിൽ കേരളം (12.6%) മഹാരാഷ്ട്ര (10%) ഹിമാചൽ പ്രദേശ് (10.3%) തുടങ്ങിയ സംസ്ഥാനങ്ങളാണ് മുന്നിൽ. ആസാം, ബീഹാർ, ജമ്മുകാശ്മീർ തുടങ്ങിയ സംസ്ഥാനങ്ങളിൽ മാത്രം പുരുഷന്മാരാണ് മുന്നിൽ. മുതിർന്നവരിലെ സ്ത്രീ പുരുഷ അനുപാതം വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിലാണ്. ആന്ധ്രപ്രദേശ് (സ്ത്രീകൾ 8.4% പുരുഷൻ 7.1%) ഛത്തീസ്ഗഡ് (സ്ത്രീ -7.1% പുരുഷൻ 5.9%) ഹരിയാന (6.9%, 5.3%) രാജസ്ഥാൻ (7.4%, 6.2%) പഞ്ചാബ് 9.4%, 8.4%).


## ഫാസ്റ്റ്ഫുഡിൽ ദോഷകരമായ കൊഴുപ്പെന്ന് പഠനറിപ്പോർട്ട്



ബഹുരാഷ്ട്ര കമ്പനികളുടെതുൾപ്പെടെയുള്ള ഫാസ്റ്റ്ഫുഡുകളിൽ ശരീരത്തിന് ദോഷകരമായ കൊഴുപ്പ് അടങ്ങിയിരിക്കുന്നതായി പഠനറിപ്പോർട്ട്. അപൂരിത കൊഴുപ്പില്ലാത്തതെന്ന അവകാശ വാദവുമായി വിപണിയിലെത്തുന്ന ഫാസ്റ്റ് ഫുഡുകളിൽ പോലും കൊഴുപ്പിന്റെയും ഉപ്പിന്റെയും അംശം വളരെ കൂടുതലാണെന്ന് സെന്റർ പോർ സയൻസ് ആൻഡ് എൻവയോൺമെന്റ് നടത്തിയ പഠനത്തിൽ കണ്ടെത്തി. ഇതിന്റെ ഉപയോഗം അമിതവണ്ണത്തിനും പ്രമേഹത്തിനും മാത്രമല്ല ഹൃദ്രോഗത്തിനും കാരണമാകും. ന്യൂഡിൽസ്, പയ്ക്കറ്റുകളിൽ വിപണിയിലെത്തുന്ന ഉരുളകിഴങ്ങ് ചിപ്സ്, ഫ്രഞ്ച് ഫ്രൈ, ബർഗർ, ചിക്കൻ ഫ്രൈ തുടങ്ങിയവയിലാണ് അപകടം പതിയിരിക്കുന്നത്.

യുവാക്കളും കുട്ടികളും വ്യാപകമായി ഉപയോഗിക്കുന്ന 16 ഇനം പ്രധാന ഫാസ്റ്റ് ഫുഡുകളാണ് പരീക്ഷണവിധേയമാക്കിയത്. മാഗി,മക്ഡൊണാൾഡ്സ്, കെഎഫ്സി എന്നിവയുടെ ഉൽപ്പന്നങ്ങൾ ഇതിൽപ്പെടുന്നു. കമ്പനികളുടെ അവകാശവാദം തെറ്റാണെന്ന് തെളിയിക്കുന്നതാണ് പരീക്ഷണഫലം. ശരീരത്തിന്റെ പോഷകസന്തുലനം തകർക്കുന്ന വിധത്തിൽ ഉപ്പ്, പഞ്ചസാര, കൊഴുപ്പ് അന്നജം എന്നിവയും ഫാസ്റ്റ് ഫുഡുകളിൽ അമിതമായി കണ്ടെത്തി.

## കുട്ടികളും വില്പനയ്ക്ക്



അനാഥാലയങ്ങളുക്കു വേണ്ടിയും വീട്ടുവേല, ഭീക്ഷാടനം എന്നിവയ്ക്ക് വേണ്ടിയുമാണ് കുട്ടികളെ കേരളത്തിലേക്ക് കൊണ്ടുവരുന്നത്. 2011 മാർച്ച് മൂന്നിനും 2012 ജനുവരി 31-നുമിടയിൽ 1131 കുട്ടികളെ പോലീസ് രക്ഷിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം മാർച്ച് മൂന്നിന് പ്രവർത്തനമാരംഭിച്ച പോലീസിന്റെ മനുഷ്യക്കടത്ത് തടയൽ വിഭാഗമാണ് ഒരു വർഷത്തിനിടെ തന്നെ 1412 പേരെ രക്ഷിച്ചത്. 1412 പേരിൽ 1131 പേർ കുട്ടികളാണ്. അതിൽ 90 ശതമാനത്തിലേറെയും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്.

18 വയസ്സിനുമുമ്പുതന്നെ തൊഴിൽതേടി കേരളത്തിലെത്തുന്ന നൂറുകണക്കിനു കുട്ടികളെ മിക്കവാറും എല്ലാ ജില്ലകളിലും കാണാം. അവരെ ജോലിക്ക് നിർത്തിയവർക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസെടുക്കാം എന്നാൽ, പോലീസ് നടപടിയെടുത്തിരിക്കുന്നത് ബാല വേലയ്ക്ക് നിർത്തുന്നുവെന്ന പരാതി ഉയർ ന്നിടത്തുമാത്രമാണ്. എന്നിട്ടും 1131 കുട്ടികളെ രക്ഷപെടുത്താനായെന്നത് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന കുട്ടികളുടെ എണ്ണം എത്രകണ്ട് വർദ്ധിക്കുന്നുവെന്നതിന്റെ സൂചനയാണ്. മിക്ക അനാഥാലയങ്ങളുടെയും മറവിൽ വൻ ചൂഷണം നടക്കുന്നുവെന്നത് പോലീസ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടക്കം എല്ലാവർക്കും പരസ്യമായ രഹസ്യവുമാണ്. ഒരു വർഷം കോടിക്കണക്കിനുരൂപയാണ് വിദേശത്തുനിന്ന് അനാഥാലയങ്ങൾക്ക് സംഭാവനയായി ലഭിക്കുന്നതെന്ന വസ്തുത കൂടി അറിയുമ്പോഴേ കുട്ടികളെ കടത്തിനുപിന്നിലുള്ള ഗൂഢലക്ഷ്യത്തിന്റെ ആഴമറിയൂ. അനാഥക്കുഞ്ഞുങ്ങളെക്കാണിച്ച് വിദേശത്തുനിന്നും പണം സമാഹരിക്കുയെന്നതാണ് പല നടത്തിപ്പുകാരുടെയും താത്പര്യം.

## മാർ ആലഞ്ചേരിക്ക് പുതിയ പദവി



സിറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെ കത്തോലിക്കാ സഭയുടെ വിശ്വാസ പ്രബോധന കാര്യാലയ അംഗമായി ബനഡിക്ട് പതിനാറാമൻ മാർപാപ്പ നിയമിച്ചു. അഞ്ചു വർഷത്തേക്കാണു നിയമനം. 18 കർദിനാൾമാരടങ്ങുന്ന വിശ്വാസകാര്യാലയത്തിന്റെ ഈ ഉന്നത സമിതിയുമായാണു മാർപാപ്പ വിശ്വാസ വിഷയങ്ങൾ ചർച്ച ചെയ്യുന്നത്.

## ആരോഗ്യത്തിനുത്തമം കുടുംബസമേതമുള്ള ഭക്ഷണം



ഒരുമിച്ചിരുന്ന ഭക്ഷണം കഴിക്കുന്ന കുടുംബാംഗങ്ങൾ കൂടുതൽ ആരോഗ്യമുള്ളവരായിരിക്കുമെന്ന് പഠനം. കുട്ടികളുള്ള വീടുകളിൽ പൊതുവേ എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കാറുണ്ടെങ്കിലും അവർ മുതിരുന്നതോടെ ഈ രീതി മാറുന്നു. പുറത്തുപോയി ഭക്ഷണം കഴിക്കുന്ന സമ്പ്രദായം വളരുന്നു. പുറത്തുനിന്നും കഴിക്കുന്നതിനേക്കാൾ സമീകൃതവും ആസ്വാദ്യകരവും വീട്ടിൽ കുടുംബാംഗങ്ങൾ ഒരുമിച്ചു കഴിക്കുന്നതാണ്. തിരക്കുള്ള രക്ഷിതാക്കൾക്ക് തീൻമേശയിൽ കുട്ടികൾക്കായി കൂടുതൽ സമയം കണ്ടെത്താനാവണം. 68 പഠനങ്ങൾ പരിശോധിച്ചു നടത്തിയ വിലയിരുത്തലാണിത്. വീട്ടിലാവുമ്പോൾ പഴങ്ങളും, പച്ചക്കറികളുമുൾപ്പെടെയുള്ളവ ധാരാളം കഴിക്കും. രക്ഷിതാക്കളുള്ളപ്പോൾ കുട്ടികൾ കൃത്രിമഭക്ഷണം കഴിക്കില്ല. പുറത്താണെങ്കിൽ ആ സ്ഥാനം സോഫ്റ്റ്ഡ്രിങ്ക് ഏറ്റെടുക്കും. നാരുകളും കാൽസ്യവും വിറ്റാമിനുകളും കൂടുതലുള്ള ഭക്ഷണമാവാം വീടുകളിലുണ്ടാക്കുക. മിതമായി ഭക്ഷിക്കുന്നതിനാൽ കുടവയർപോലുള്ള പ്രശ്നങ്ങളിൽ നിന്നും രക്ഷപെടുകയുമാവാം. കൃത്യവും ആരോഗ്യകരവുമായ ഭക്ഷണം കഴിക്കാൻ ഏറ്റവും അനുയോജ്യം നമ്മുടെ തീൻമുറികൾ തന്നെയാണ്.

**കുട്ടികണക്കിതാ, ഞെട്ടരുതേ.....**

